OCYM/07/2011

# The Orthodox Christian Youth Movement of the East

Yuhanon Mar Policarpos Metropolitan
President
Orthodox Youth Centre
St.Thomas Bhavan, Old Seminary Road
Kottayam-686001
Tel: 0481-2583997

P.B. No. 61
Thrikkunnathu Seminary, Aluva
Tel: 0484-2624339
Fax: 0484-2622339

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, യുവജനപ്രസ്ഥാന ഭാരവാഹികളും, പ്രവർത്തകരും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

എല്ലാ വർഷവും മെയ് മാസത്തിൽ നടത്തി വരുന്ന വാർഷീക സമ്മേളനം ഈ വർഷം ഒക്ടോബർ മാസം 5, 6, 7, 8 തീയതികളിൽ ഡൽഹി മെത്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഹൌസ്കാസ് സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെടുകയാണ്. വിശദമായ കാര്യങ്ങൾ ജനറൽ സെക്രട്ടറിയുടെ വിജ്ഞാപനത്തിൽ ഉണ്ടായിരിക്കും. നമ്മുടെ പഠനത്തിനും ധ്യാനത്തിനുമായി ഈ വർഷം എടുത്തിരിക്കുന്ന ചിന്താവിഷയം **"മാർത്തോമ്മ പൈതൃക പഠനവും, തിരിച്ചറിവിന്റെ പാഠങ്ങളും"** എന്നതാണ്. ഈ വിഷയം സംബന്ധിച്ച് വിശദമായ പഠനഗ്രന്ഥം ഉടൻ പ്രസിദ്ധീകരിക്കുന്നതും, അതിനെ അടിസ്ഥാനമാക്കി ഭദ്രാസന അടിസ്ഥാനത്തിൽ സെമിനാറുകൾ സമയബന്ധിതമായി ക്രമീകരിക്കേണ്ടതുമാണ്.

ഈ വർഷം ഡൽഹിയിൽ വച്ച് കോൺഫറൻസ് നടക്കുന്നതുകൊണ്ട് കേരളത്തിൽ നിന്നുള്ള പ്രതിനിധികൾ ട്രെയിനിൽ പോകേണ്ടിയിരിക്കുന്നു. ട്രെയിൻ ചാർജ്ജായി 1200 രൂപയും രജിസ്ട്രേഷൻ ഫീസ് 200 രൂപയും ഉൾപ്പെടെ 1400 രൂപ മെയ് 30-ാം തീയതിക്കുമുമ്പായി ഓഫീസിൽ അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒരു യൂണിറ്റിൽ നിന്നും രണ്ടുപേരിൽ കൂടാത്ത പ്രതിനിധികൾ പള്ളിച്ചെലവിൽ സംബന്ധിക്കേണ്ടതാണ്.

വീണ്ടും പ്രിയരെ,

ഗൾഫ് നാടുകളിൽ ചില സ്ഥലങ്ങളിൽ രാഷ്ട്രീയമായ അസ്വസ്ഥത ഉടലെടുത്തിരിക്കുന്ന വിവരം നിങ്ങൾക്ക് അറിയാമല്ലോ. സമാധാനം പുനഃസ്ഥാപിക്കപ്പെടുവാനും, നമ്മുടെ പ്രിയ സഹോദരങ്ങൾക്ക് ആത്മീയമായും സാമ്പത്തീകമായും ശാരീരികമായും ബുദ്ധിമുട്ടുകൾ ഉണ്ടാകാത്തവണ്ണം ദൈവത്തിന്റെ കൃപ അവർക്ക് ലഭിക്കുവാനുമായി പ്രാർത്ഥിക്കണം. ഇതു കൂടാതെ ജപ്പാനിൽ ഉണ്ടായ സംഭവ വികാസങ്ങൾ നമ്മെ ഏവരെയും വേദനിപ്പിക്കുന്നതാണ്. പ്രകൃതി ക്ഷോഭത്തിന് ഇരയായവർക്കു വേണ്ടിയും അവരുടെ പ്രിയപ്പെട്ടവരുടെ മനോബലത്തിനും ആശ്വാസത്തിനുമായും പ്രാർത്ഥിക്കണം. ആണവ നിലയങ്ങളിൽ നിന്നും അണുവികിരണം കൂടുതൽ വ്യാപിക്കാതിരിക്കുവാൻ ദൈവത്തോട് നമുക്ക് അപേക്ഷിക്കാം

ഈ ദൃശ്യ കാര്യങ്ങൾക്ക് ചെയ്യുവാൻ കഴിയുന്ന സർവ്വതും ദൈവനാമത്തിൽ ചെയ്യേണ്ടത് നാം ഏവരുടെയും കടമയാണ്. അപ്രകാരം തന്നെ ദൈവത്തോട് മുട്ടിപ്പായി അപേക്ഷിക്കാൻ എല്ലാ യാമപ്രാർത്ഥനകളിലും നാം കടപ്പെട്ടവരുമാണ്. കൂടാതെ പാതിനോമ്പിന്റെ ബുധനാഴ്ച പ്രാർത്ഥനാ ദിനമായി ആചരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

നാം ഇപ്പോൾ നിയമസഭ തെരഞ്ഞെടുപ്പിന്റെ ചൂടിലാണ്. വിശുദ്ധ മത്തായി 10-ാം അദ്ധ്യായം 16-ാം വാക്യത്തിൽ നമ്മുടെ കർത്താവ് കല്പിക്കുന്നു നിങ്ങൾ "പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ" എന്ന്. സഭയ്ക്ക് നീതി നടപ്പിലാക്കിത്തരുന്നതിന് വിഘാതം സൃഷ്ടിക്കുന്നവർക്കെതിരെ സമ്മതിദാനാവകാശമാകുന്ന ആയുധം പ്രാർത്ഥനാപൂർവ്വം ഉപയോഗിക്കുവാനും, സമയാസമയങ്ങളിൽ സഭയിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുവാനും നിങ്ങൾ ഒരോരുത്തരും പ്രത്യേകം ശ്രദ്ധിക്കണം.

ശേഷം പിന്നാലെ,

ദൈവം അനുഗ്രഹിക്കട്ടെ.

2011 മാർച്ച് മാസം 22-ാം തീയതി
കോട്ടയം സെന്റ് തോമസ് ഭവനിൽ നിന്നും

യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത